**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6154** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ റേറ്റിംഗ് താഴ്ത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക്, കേരള ബാങ്കിന്റെ റേറ്റിംഗ് ബി-യിൽ നിന്നും സി-ലേയ്ക്ക് തരംതാഴ്ത്തിയത് കാരണം ബാങ്ക് അനുവദിക്കുന്ന വ്യക്തിഗത വായ്പകൾ, മോർട്ട്ഗേജ് വായ്പകൾ എന്നിവയുടെ പരാമവധി പരിധി 40 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായി കുറയുമെന്നു പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള ബാങ്കിന്റെ റേറ്റിംഗ് RBI മാറ്റിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സൂപ്പർവൈസർ എന്ന നിലയിൽ നബാർഡ് നടത്തിയ 2022-23 സാമ്പത്തിക വർഷത്തെ റേറ്റിംഗിലാണ് കേരള ബാങ്കിനെ നബാർഡ് 'സി' ഗ്രേഡിലേയ്ക്ക് മാറ്റിയത്. ആയതിനാൽ വ്യക്തിഗത വായ്പാ പരിധി 25 ലക്ഷമാക്കി കുറച്ചിട്ടുണ്ട്. എന്നാൽ ഭവന വായ്പ, കാർഷിക വായ്പ, സംഘം വായ്പ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ലാത്തിനാലും 25 ലക്ഷത്തിലധികരിക്കുന്ന വ്യക്തിഗത വായ്പകൾ വളരെ കുറവായതിനാലും വായ്പാ പരിധി കുറച്ചത് ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതല്ല. നബാർഡ് പരിശോധനയും റേറ്റിംഗും എല്ലാ വർഷത്തിലും നടക്കുന്നതാണ്. ഓരോ പരിശോധനാ റിപ്പോർട്ടിലും രേഖപ്പെടുത്തുന്ന ന്യൂനതകൾ തുടർന്നുള്ള മാസങ്ങളിൽ പരിഹരിക്കുന്നതാണ് സ്വാഭാവിക നടപടിക്രമം. 2022-23 സാമ്പത്തിക വർഷത്തെ സ്ഥിതി വിവര കണക്കുകളെ അടിസ്ഥാനമാക്കി നടത്തിയ ഏറ്റവും ഒടുവിൽ നടന്ന പരിശോധനയുടെ അടിസ്ഥാനത്തിലാണ് വ്യക്തിഗത വായ്പാ പരിധി 25 ലക്ഷം ആയി കുറച്ചിട്ടുള്ളത്. അതുപ്രകാരമുള്ള ന്യൂനതകൾ ഏറെക്കുറെ ഇതിനോടകം പരിഹരിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ബാങ്കിന്റെ റേറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കേരള ബാങ്കിന്റെ റേറ്റിംഗ് RBI മാറ്റിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സൂപ്പർവൈസർ എന്ന നിലയിൽ നബാർഡ് നടത്തിയ 2022-23 സാമ്പത്തിക വർഷത്തെ റേറ്റിംഗിലാണ് കേരള ബാങ്കിനെ നബാർഡ് 'സി' ഗ്രേഡിലേയ്ക്ക് മാറ്റിയത്. ആയതിനാൽ വ്യക്തിഗത വായ്പാ പരിധി 25 |

| | | | |
|---|---|---|---|
| | | | ലക്ഷമാക്കി കുറച്ചിട്ടുണ്ട്. എന്നാൽ ഭവന വായ്പ, കാർഷിക വായ്പ, സംഘം വായ്പ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ലാത്തിനാലും 25 ലക്ഷത്തിലധികരിക്കുന്ന വ്യക്തിഗത വായ്പകൾ വളരെ കുറവായതിനാലും വായ്പാ പരിധി കുറച്ചത് ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതല്ല. നബാർഡ് പരിശോധനയും റേറ്റിംഗും എല്ലാ വർഷത്തിലും നടക്കുന്നതാണ്. ഓരോ പരിശോധനാ റിപ്പോർട്ടിലും രേഖപ്പെടുത്തുന്ന ന്യൂനതകൾ തുടർന്നുള്ള മാസങ്ങളിൽ പരിഹരിക്കുന്നതാണ് സ്വാഭാവിക നടപടിക്രമം. 2022-23 സാമ്പത്തിക വർഷത്തെ സ്ഥിതി വിവര കണക്കുകളെ അടിസ്ഥാനമാക്കി നടത്തിയ ഏറ്റവും ഒടുവിൽ നടന്ന പരിശോധനയുടെ അടിസ്ഥാനത്തിലാണ് വ്യക്തിഗത വായ്പാ പരിധി 25 ലക്ഷം ആയി കുറച്ചിട്ടുള്ളത്. അതുപ്രകാരമുള്ള ന്യൂനതകൾ ഏറെക്കുറെ ഇതിനോടകം പരിഹരിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ബാങ്കിന്റെ റേറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ